എക്സൈസ് കോംപ്ലക്സുകളുടെ നിർമ്മാണ ജോലികൾ

92 [1702] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക—പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന എക്സൈസ് കോംപ്ലക്സുകളുടെ നിർമ്മാണ ജോലികൾ എന്ന് തുടങ്ങുമെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവയ്ക്ക് ഓരോന്നിനും എന്തു തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ എക്സൈസ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അവയുടെ നിർമ്മാണം എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പണി ഉടൻ ആരംഭിക്കുന്നതാണ്.

(ബി) തിരുവനന്തപുരം എക്സൈസ് കോംപ്ലക്സിന് 45 ലക്ഷം രൂപയും കൊല്ലം കോംപ്ലക്സിന് 92 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്രിവൻറീവ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി. വഴി നിയമനം

93 [1703] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്—പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ പ്രിവൻറീവ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി. വഴി അവസാനം നിയമനം നടത്തിയത് എന്നാണ്;

(ബി) പ്രസ്തുത നിയമനങ്ങൾക്ക് ശേഷം 30—6—1995 വരെ എത്ര ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ടായിട്ടുണ്ട്; ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 17—5—1982-ൽ.

(ബി) ഒഴിവുകളുടെ എണ്ണം വിവിധ ജില്ലകളിൽനിന്നും ശേഖരിച്ച് വരുന്നു. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly